# Malayala Manorama
# 25 August 2018
# Kerala; After Flood Relief, Flood Kit

## ഇനി പഞ്ചായത്തുകളുടെ ഊഴം

**കേരളം പ്രളയക്കെടുതിയുടെ ആദ്യഘട്ടം കരകയറിക്കഴിഞ്ഞു. ഇനി തദ്ദേശ സ്ഥാപനങ്ങളുടെ സമയമാണ്. താഴേത്തട്ടിൽ ചെയ്യേണ്ട ഒരുപാടു കാര്യങ്ങളുണ്ട്. അവയെക്കുറിച്ച് 'കില' ഡയറക്ടർ ഡോ. ജോയ് ഇളമൺ**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ആസൂത്രണത്തിൽ കാര്യശേഷി തെളിയിച്ചിട്ടുള്ളവരാണ്. എന്നാൽ വെള്ളപ്പൊക്കം പോലൊരു ദുരന്തത്തിനുശേഷമുള്ള പുനർനിർമാണത്തിൽ പഞ്ചായത്തുകളുടെ പ്രവർത്തനം വ്യത്യസ്തമാവണം. ചുരുങ്ങിയ സമയം കൊണ്ട് പ്രശ്നങ്ങളെ കണ്ടെത്താനും പൊതുമാർഗനിർദേശത്തിനനുസരിച്ചു കാര്യങ്ങൾ ചെയ്യാനുമാകണം. വിഭവങ്ങളുടെ അഭാവവും കുറവുകളും ആവശ്യങ്ങളുമെന്താണെന്നു തിട്ടപ്പെടുത്താനുള്ള ബുദ്ധിമുട്ടിനിടയിൽ അപ്രതീക്ഷിതമായ പ്രശ്നങ്ങളെയും നേരിടണം. തദ്ദേശ സ്വയംഭരണ സ്ഥാപന നേതൃത്വം, വിശിഷ്യാ അധ്യക്ഷൻ നേതൃപാടവം പ്രകടിപ്പിക്കേണ്ട സമയമാണിത്. ചുമതലകൾ വിഭജിച്ചു നൽകുക, തീരുമാനിച്ച പദ്ധതികൾ നടക്കുന്നുണ്ടോ എന്നു മേൽനോട്ടം നടത്തുക, ചുമതലകൾക്കനുസരിച്ച ചെക്ക് ലിസ്റ്റ് തയാറാക്കുക ഇവ പ്രധാനം. വാർഡ്തല പ്രവർത്തനങ്ങൾ അംഗങ്ങൾ പഠിച്ചു നേതൃത്വം നൽകണം.

### വെള്ളമിറങ്ങുമ്പോൾ

വെള്ളം കയറിയ വീടുകൾ കണ്ടെത്താനുള്ള ചുമതലക്കാരെ നിശ്ചയിക്കുക, എത്ര വീടുകൾ ഇതിനകം വൃത്തിയാക്കുന്നതിനും ആളുകളെ പ്രവേശിപ്പിക്കുന്നതിനും കഴിഞ്ഞു എന്ന വിവരം ശേഖരിക്കാൻ ആളെ ഏർപ്പാടാക്കുക, വൃത്തിയാക്കാനാവശ്യമായ വസ്തുക്കൾ ശേഖരിച്ചു വിതരണം ചെയ്യുന്നതിനുള്ള ചുമതലക്കാരെ കണ്ടെത്തുക, ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വൊളന്റിയർമാരുടെ ഏകോപന ചുമതല നൽകുക - ഇവ അധ്യക്ഷനും ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷനും ശ്രദ്ധിക്കണം. ഇതിനുള്ള നടപടിക്രമങ്ങൾ മറ്റുദ്യോഗസ്ഥരെയും ആരോഗ്യ വിഭാഗം പ്രവർത്തകരെയും ഏകോപിപ്പിച്ചുകൊണ്ടു നടപ്പിലാക്കുകയാണ് സെക്രട്ടറി ചെയ്യേണ്ടത്. വാർഡ് തല പ്രവർത്തനങ്ങൾ വാർഡംഗത്തിന്റെ തന്നെ ഉത്തരവാദിത്തമാണ്.

### മാലിന്യ സംസ്കരണം

ക്യാംപുകളിലെ ഭക്ഷ്യാവശിഷ്ടങ്ങളും മാലിന്യ



**സ്നേഹപ്പൂക്കളം:** പ്രളയക്കെടുതിയെ നേരിടാൻ ജനങ്ങൾ കാട്ടിയ ഒത്തൊരുമയിലാണ് ഇത്തവണ ഓണം. ക്യാംപുകളിൽനിന്നു വീട്ടിലേക്കു മടങ്ങുന്നവർക്കു സ്നേഹം പൊതിഞ്ഞുകെട്ടി നൽകുകയാണ് തൃശൂർ ജില്ലാ ഭരണകൂടവും സന്നദ്ധ പ്രവർത്തകരും. വികെഎൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ പതിനായിരക്കണക്കിന് ഓണക്കിറ്റുകൾ വീടുകളിലെത്തിക്കാൻ തയ്യാറായപ്പോൾ.

ചിത്രം: ഉണ്ണി കോട്ടക്കൽ ● മനോരമ

ത്തു ശുദ്ധജലം ലഭ്യമല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തുന്നതിനും അവിടേക്ക് ശുദ്ധമായ കുടിവെള്ളം എത്തിക്കാനുമുള്ള പദ്ധതി തയാറാക്കി വിതരണം ചെയ്യുന്നതിനുള്ള ചുമതല നൽകിയിട്ടുണ്ടോ? അങ്കണവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥരെ ഏൽപിച്ചോ?

വീടുകളിലെ ശുദ്ധജല സ്രോതസ്സുകൾ അണുവിമുക്തമാക്കി കുടിക്കാൻ ഉപയുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുണ്ടോ? വീടുകളിൽ തിരിച്ചുപോയി താമസിക്കുന്നവർക്കു നിത്യോപയോഗസാധനങ്ങൾ (ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും അടക്കം) ലഭ്യമാക്കാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? ഈ കാര്യങ്ങൾ പ്രസിഡന്റ്, വാർഡംഗങ്ങൾ വഴി ഉറപ്പു വരുത്തണം.

ട്ടിടങ്ങളും ഇതുപോലെ ശ്രദ്ധിക്കണം.

### ഒഴിവാക്കാം കറന്റടി

വൈദ്യുതി ആഘാതം ഉണ്ടാകാതിരിക്കാൻ വൈദ്യുതി ലൈനുകളും ട്രാൻസ്ഫോമറുകളും സുരക്ഷിതമാണെന്നു കെ.എസ്.ഇ.ബിയുടെ സഹായത്തോടെ പഞ്ചായത്ത് വാർഡംഗങ്ങൾ ഉറപ്പു വരുത്തണം.

### കന്നുകാലികളുടെ മൃതദേഹം

ജന്തു പരിപാലനവും രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണം നടത്തുന്നതിന് മൃഗസംരക്ഷണ ഉദ്യോഗസ്ഥർക്ക് ചുമതല നൽകണം. ചത്തുകിടക്കുന്ന പക്ഷിമൃഗാദികളുടെ ശാസ്ത്രീയ സംസ്കരണത്തിനുള്ള നടപടിയെടുക്കണം.

തുസംവിധാനങ്ങളിലും സംഭരിച്ച ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തണം. കേടായ ഭക്ഷ്യവസ്തുക്കൾ നശിപ്പിച്ചു കളയണം. ഇതിന്റെ ചുമതല മെഡിക്കൽ ഓഫിസർക്കും സെക്രട്ടറിക്കുമാണ്.

### രോഗങ്ങൾ അകറ്റാം

കൊതുകുജന്യ രോഗങ്ങൾ പെരുകാനുള്ള സാധ്യതയുണ്ട്. തടയാനുള്ള നടപടികൾ സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെയും ചികിത്സാ ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുക. കുട്ടികൾക്കും മുതിർന്നവർക്കും ചികിത്സാ സൗകര്യം ഉറപ്പു വരുത്തുക.

### നിയമപരമായ ഇടപെടലുകൾ

പകർച്ചവ്യാധി പകരുംവിധം മാലിന്യം കൂട്ടിയിടു